(സി) 2004 ജൂൺ 25-ന് രജിസ്റ്റർ ചെയ്തവർക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ എന്നാണ് തീയതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുവാൻ കൂടുതൽ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റൂട്ട്സിൽ പ്രവർത്തിക്കുന്ന കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽ ദിവസം പരമാവധി 150 വ്യക്തികളുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

(ബി) ഇന്റർനെറ്റ് വഴി ശരാശരി 50 മുതൽ 60 വരെ പേർ പ്രതിദിനം രജിസ്റ്റർ ചെയ്യുന്നുണ്ട്.

(സി) 2004 ജൂൺ 25-ന് രജിസ്റ്റർ ചെയ്ത 138 അപേക്ഷകർക്ക് ഡിസംബർ മാസത്തേയ്ക്ക് ഓൺലൈൻ ടോക്കൺ നൽകിയിട്ടുണ്ട്. ഇവരിൽ ഡിസംബർ 3-ാം തീയതി ഒരാൾക്കും ഡിസംബർ 6-ാം തീയതി 133 പേർക്കും ഡിസംബർ 7, 8 തീയതികളിൽ 2 പേർക്കു വീതവുമാണ് ടോക്കൺ നൽകിയിരിക്കുന്നത്.

(ഡി) കോഴിക്കോട്ടും കൊച്ചിയിലും സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

റൂട്ട്സിൽ എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ

155 [1565] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാത്തവർക്ക് റൂട്ട്സിൽ എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ അനുവദിക്കാറുണ്ടോ; എങ്കിൽ ഏതൊക്കെ സാഹചര്യങ്ങളിലാണ് അനുവദിക്കാറുള്ളതെന്ന് വിശദമാക്കുമോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഓൺലൈൻ രജിസ്ട്രേഷനിൽ ഒരിക്കൽ പേര് രജിസ്റ്റർ ചെയ്തയാൾ വീണ്ടും രജിസ്റ്റർ ചെയ്താൽ അത് തിരസ്കരിക്കാനുള്ള സംവിധാനം ഉണ്ടോ;

(സി) രജിസ്റ്റർ ചെയ്ത വ്യക്തിയുടെ പേരും പാസ്പോർട്ട് നമ്പരും ശരിയാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവർ ശുപാർശ ചെയ്യുന്ന അപേക്ഷകർക്കും തൊഴിൽ വിനിമയ ലഭിച്ച് അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ട അപേക്ഷകർക്കും ഓൺലൈനായി രജിസ്റ്റർ ചെയ്തില്ലെങ്കിലും മുൻഗണന നൽകി എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ അനുവദിക്കാറുണ്ട്.

(ബി) ഉണ്ട്. ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി ഒരിക്കൽ പേര് രജിസ്റ്റർ ചെയ്താൽ അതേ പേരും പാസ്സ്പോർട്ട് നമ്പരും ഉപയോഗിച്ച് വീണ്ടും രജിസ്ട്രേഷൻ സാധ്യമാവുകയില്ല.

(സി) രജിസ്റ്റർ ചെയ്ത വ്യക്തിയുടെ പേരും പാസ്പോർട്ട് നമ്പരും ശരിയാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. ഇവ രണ്ടും ശരിയാണെങ്കിൽ മാത്രമേ ആ വ്യക്തിയെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുവാൻ അനുവദിക്കുകയുള്ളൂ..

നോർക്കയുടേയും റൂട്ട്സിന്റേയും സബ് ഓഫീസുകൾ

156 [1566] ശ്രീ. കെ. എ. ചന്ദ്രൻ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" എൻ. ശക്തൻ:

" എം. പി. ഗംഗാധരൻ:

" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടേയും റൂട്ട്സിന്റേയും സബ് ഓഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നറിയിക്കാമോ;

(ബി) ഇവയുടെ സബ് ഓഫീസുകൾ കോഴിക്കോട് ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) പ്രവാസി കേരളീയ കാര്യവകുപ്പ് (നോർക്ക) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു വകുപ്പായാണ് പ്രവർത്തിക്കുന്നത്. 1956-ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം രൂപീകരിച്ചിട്ടുള്ള 'റൂട്ട്സ് എൻ.ആർ.കെ. ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്' എന്ന കമ്പനി നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി കോഴിക്കോട് സെന്റർ പ്ലാസായിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നോർക്ക വകുപ്പിന്റെ കീഴിൽ ന്യൂഡൽഹിയിലെ കേരള ഹൗസിൽ 'നോർക്ക സെൽ' പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly